പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3156 — 10.05.2017 ൽ മറുപടിയ്ക്ക്

കോതമംഗലം മണ്ഡലത്തിൽ പുതിയ മാവേലി സ്റ്റോറുകൾ

ചോദ്യം
ശ്രീ. ആന്റണി ജോൺ :

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സപ്ലൈകോ വിൽപ്പന ശാലകളില്ലാത്ത ഗ്രാമ പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ടോ; | (എ) | സ്വീകരിക്കുന്നുണ്ട്. സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത 31 ഗ്രാമ പഞ്ചായത്തുകളിലും പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. |
| (ബി) | കോതമംഗലം മണ്ഡലത്തിൽ പൈമറ്റം, നെല്ലിമറ്റം എന്നീ സ്ഥലങ്ങളിൽ പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് പ്രപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) | കോതമംഗലം മണ്ഡലത്തിലെ പൈമറ്റത്ത് മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച സാധ്യതാ പഠന റിപ്പോർട്ട് പ്രകാരം, പ്രതിമാസ വിറ്റുവരവ് 3,50,000/- രൂപയിൽ കൂടുതൽ, ലഭിക്കുവാൻ സാധ്യതയില്ലാത്തതിനാലും, തൊട്ടടുത്തുള്ള അടിവാട് സൂപ്പർ മാർക്കറ്റിന്റെ വിറ്റുവരവിന് കുറവുണ്ടാകാൻ സാധ്യതയുള്ളതിനാലും പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ നിറുത്തി വച്ചിരിക്കുന്നു.<br>കോതമംഗലം മണ്ഡലത്തിലെ കവളങ്ങാട് പഞ്ചായത്തിലെ നെല്ലിമറ്റത്ത് നിലവിൽ മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. നിലവിലെ മാനദണ്ഡമനുസരിച്ച് രണ്ടാമതൊരു മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് ആജീവനാന്ത വാടകരഹിത കെട്ടിടവും, 1 ലക്ഷം രൂപയും പ്രസ്തുത പഞ്ചായത്ത് ലഭ്യമാക്കിയാൽ ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ